ലോകബാങ്ക് സഹായത്തോടുകൂടി അംഗൻവാടികൾക്ക് കെട്ടിടം

167 [2647] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടുകൂടി കേരളത്തിലെ എത്ര അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാനും കുടിവെള്ളമെത്തിക്കുവാനും തീരുമാനിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതൊക്കെ ബ്ലോക്കുകളെയാണ് പത്തനംതിട്ട ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പത്തനംതിട്ട ജില്ലയിലെ മലയോര ബ്ലോക്കായ റാന്നിയെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1600 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാനും, 800 കുടിവെള്ള പദ്ധതി നടപ്പിലാക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) മല്ലപ്പള്ളി, കോയിപ്രം ബ്ലോക്കുകൾ.

(സി) ലോകബാങ്ക് പദ്ധതിയുടെ കീഴിൽ റാന്നി ഐ.സി.ഡി.എസ്. പ്രോജക്ട് ഉൾപ്പെടാത്തതിനാൽ നടപടികൾ ഒന്നുമില്ല.

അംഗൻവാടി ജീവനക്കാരുടെ വേതനം

168 [2648] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിൻകീഴിൽ അംഗൻവാടി അദ്ധ്യാപകരായും ആയമാരായും ജോലി ചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ശിശുക്കളുടെ ബുദ്ധിപരമായ വളർച്ചയ്ക്കും വികാസത്തിനും വേണ്ടി ഇവർ ചെയ്യുന്ന സേവനം കണക്കിലെടുത്ത് കുറേക്കൂടി മെച്ചപ്പെട്ട വേതനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് എത്ര അംഗൻവാടി അദ്ധ്യാപകരും ആയമാരും ജോലി ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഓരോ സ്ഥാപനങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. താഴെ കാണിച്ചിരിക്കുന്ന നിരക്കിൽ ഓണറേറിയം നൽകുന്നു:

(എ)	എസ്. എസ്. എൽ. സി. വിജയിക്കാത്ത വർക്കർ	.. 1238 രൂപ
(ബി)	എസ്.എസ്.എൽ.സി. വിജയിക്കാത്ത, 5 വർഷം സേവനം പൂർത്തിയാക്കിയ വർക്കർ	.. 1269 രൂപ
(സി)	എസ്. എസ്. എൽ. സി. വിജയിക്കാത്ത 10 വർഷം സേവനം പൂർത്തിയാക്കിയ വർക്കർ	.. 1300 രൂപ
(ഡി)	എസ്.എസ്.എൽ.സി. വിജയിച്ച വർക്കർ	.. 1300 രൂപ
(ഇ)	എസ്.എസ്.എൽ.സി. വിജയിച്ച, 5 വർഷം സേവനം പൂർത്തിയാക്കിയ വർക്കർ	.. 1331 രൂപ
(എഫ്)	എസ്. എസ്. എൽ. സി. വിജയിച്ച, 10 വർഷം സേവനം പൂർത്തിയാക്കിയ വർക്കർ	.. 1363 രൂപ
(ജി)	ഹെൽപ്പർമാർ	.. 800 രൂപ.

2. മരണമടയുന്ന അംഗൻവാടി ജീവനക്കാരുടെ ആശ്രിതരായ സ്ത്രീകൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

3. ഒരു വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് പ്രസവ അവധി, അബോർഷൻ അവധി ഇവ അനുവദിക്കുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക ജോലി ലഭിക്കുന്ന ജീവനക്കാർക്ക് പ്രസ്തുത ജോലിക്ക് പോകുന്നതിന് 6 മാസത്തെ അവധിയും വിദേശത്ത് ജോലിക്ക് പോകുന്നതിന് പരമാവധി 5 വർഷത്തെ അവധിയും അനുവദിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നതിനായി പരമാവധി 2 വർഷത്തെ അവധിയും ആരോഗ്യപരമോ കുടുംബപരമോ ആയ ആവശ്യങ്ങൾക്ക് ഒരു വർഷം വരെയുള്ള അവധിയും അനുവദിക്കുന്നു.

4. അംഗൻവാടി ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷേമ നിധിയിൽനിന്നും താഴെ കാണിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നു:

(എ) പിരിഞ്ഞ് പോകുന്ന സമയത്ത് ധനസഹായം
(ബി) വൈദ്യ സഹായം
(സി) ഭവന നിർമ്മാണ വായ്പ
(ഡി) വിവാഹ ആവശ്യത്തിന് വായ്പ
(ഇ) കുട്ടികളുടെ വിദ്യാഭ്യാസത്തിന് വായ്പ
(എഫ്) കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം
(ജി) അപകട സംരക്ഷണം
(എച്ച്) യുക്തമായ മറ്റു സഹായങ്ങൾ.

(ബി) ഐ.സി.ഡി.എസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

(സി) 2003 മേയ് മാസത്തെ കണക്കു പ്രകാരം 24,347 അംഗൻവാടി വർക്കർമാരും 4347 ഹെൽപ്പർമാരും ജോലി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം അംഗൻവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുവരുന്നു. കൂടാതെ വകുപ്പ് തലത്തിലും കളിക്കോപ്പുകൾ, മെഡിസിൻ കിറ്റുകൾ, ഫർണിച്ചർ മുതലായവ വാങ്ങി വിതരണം ചെയ്തുവരുന്നു. അംഗൻവാടികൾ സാമൂഹ്യ വിദ്യാ കേന്ദ്രങ്ങളായി ഉയർത്താനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. അതിൻപ്രകാരം ക്രമാനുഗതമായി അംഗൻവാടികളിൽ കമ്പ്യൂട്ടറും അനുബന്ധ ഘടകങ്ങളും ലഭ്യമാക്കുന്നതാണ്.

എടക്കാട് ബ്ലോക്കിൽ അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം

169 [2649] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്കിൽ ജനസംഖ്യാനുപാതപ്രകാരം അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധമായ പ്രൊപ്പോസലിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) വിശദാംശം വ്യക്തമാക്കുമോ;

(ഡി) അംഗൻവാടികളിലെ പോഷകാഹാര വിതരണം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ സാഹചര്യത്തിൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഐ.സി.ഡി.എസ്. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മാത്രമേ പുതിയ അംഗൻവാടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ 7-1-2003-ലെ നിർദ്ദേശമനുസരിച്ച് 10-ാം പഞ്ചവത്സര പദ്ധതിയിൽ ഐ.സി.ഡി.എസ്. വിപുലീകരിക്കാൻ കഴിയില്ലെന്നും, ഈ കാലയളവിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സേവനം ലഭ്യമാക്കുന്നതിന് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള അംഗൻവാടികൾ പ്രോജക്ട് മാനദണ്ഡമനുസരിച്ച് പുനർനിർണ്ണയം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ പാവനടുക്കത്ത് സ്ഥിതി ചെയ്യുന്ന വൃദ്ധമന്ദിരത്തിലെ അന്തേവാസികൾ

170 [2650] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly